(സി) കണ്ണൂർ ജില്ലയിലെ തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ നരിക്കോട് മല, വാഴമല എന്നീ പ്രദേശങ്ങൾ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ അധീനതയിലായതിനാൽ ഇവിടുത്തെ ഇക്കോടൂറിസം സാദ്ധ്യതകളെക്കുറിച്ച് വിശദമായ പഠനത്തിന് ശേഷം റിപ്പോർട്ട് സമർപ്പിക്കുവാൻ ഡി.എഫ്.ഒ.-യോട് ആവശ്യപ്പെട്ടുകഴിഞ്ഞു. റിപ്പോർട്ട് ലഭിച്ചാൽ ഉടൻ തന്നെ നടപടി സ്വീകരിക്കുന്നതാണ്.

തലപ്പാടിയിൽ ഫെസിലിറ്റി സെന്ററും ടവറും സ്ഥാപിക്കാൻ നടപടി

271 [1224] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം തലപ്പാടിയിൽ ഫെസിലിറ്റി സെന്ററും ടവറും സ്ഥാപിക്കുന്നത് സംബന്ധിച്ച് എന്തു നടപടികൾ സ്വീകരിച്ചു;

(ബി) ഇവ എന്നത്തേക്ക് സ്ഥാപിക്കാൻ കഴിയും എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) ഈ പദ്ധതി ടൂറിസം വകുപ്പിന്റെ പരിഗണനയിൽ ഇപ്പോഴില്ല.

ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രത്തിലെ ഉദയാസ്തമന പൂജ

272 [1226] *ശ്രീ. ടി. എൻ. പ്രതാപൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രത്തിൽ ഉദയാസ്തമന പൂജയോടനുബന്ധിച്ചുള്ള സ്പെഷ്യൽ പൂജകൾ നടക്കുമ്പോൾ ഭക്തജനങ്ങൾക്ക് ഭഗവത്ദർശനം അനുവദിക്കാറുണ്ടോ;

(ബി) 2005 ജൂണിൽ ഒരു നിശ്ചിതദിവസം നടത്തേണ്ടിയിരുന്ന ഉദയാസ്തമന പൂജ അതിന്റെ തൊട്ടുതലേദിവസത്തേക്കു മാറ്റുകയുണ്ടായോ; എങ്കിൽ എന്തുകൊണ്ട്;

(സി) അതിന്റെ ഫലമായി ക്ഷേത്രദർശനത്തിനു വന്ന ഭക്തജനങ്ങൾ അഞ്ചുമണിക്കൂറോളം ക്യൂ നിൽക്കേണ്ടതായി വന്നുവോ;

(ഡി) ഉദയാസ്തമന പൂജയുള്ള ദിവസങ്ങൾ ഏതെന്ന് മുൻകൂട്ടി പ്രസിദ്ധീകരിക്കുന്നപക്ഷം ഭക്തജനങ്ങൾക്ക് അതനുസരിച്ച് ക്ഷേത്രദർശനം നടത്താനും, ക്യൂവിൽ ദീർഘസമയം നിൽക്കുന്നത് ഒഴിവാക്കാനും കഴിയുമോ;

(ഇ) എങ്കിൽ ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രത്തിലെ ഉദയാസ്തമനപൂജയുടെ ദിവസങ്ങൾ മുൻകൂട്ടി പൊതുജനങ്ങളെ അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly